നടപ്പിലാക്കുന്നതിനുവേണ്ടി അതാത് നിർവ്വഹണ ഏജൻസികളെ സംസ്ഥാന തലത്തിൽ അവലോകനം ചെയ്യുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ,പദ്ധതി നടത്തിപ്പുകളുടെ പുരോഗതി വിലയിരുത്തുവാനും സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും 14 ജില്ലകളിലും നിലവിലുള്ള ജില്ലാഓഫീസുകളുടെ മേൽനോട്ടത്തിൽ പ്രോജക്ട് മോണിറ്ററിംഗ് സെൽ പ്രവർത്തിച്ചുവരുന്നു.

വിനോദസഞ്ചാര മേഖലയിലെ വിമാനസർവ്വീസ്

272 (2552) ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര മേഖലയിലെ അടിസ്ഥാന സൗകര്യക്കുറവ് ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) കേരളത്തിലെ ടൂറിസം മേഖലകളെ ബന്ധിപ്പിക്കുന്നതിന് ചെറു വിമാന സർവ്വീസ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

കേരളം സന്ദർശിച്ച വിദേശസഞ്ചാരികൾ

273 (2553) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014, 2015 എന്നീ വർഷങ്ങളിൽ കേരളം സന്ദർശിച്ച വിദേശ സഞ്ചാരികളുടെ എണ്ണം വ്യക്തമാക്കുമോ;

(ബി) 2015-ൽ സഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ എന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത വർഷങ്ങളിൽ ടൂറിസത്തിൽ നിന്നും ലഭിച്ച വരുമാനം എത്രയെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly